## പത്രക്കുറിപ്പ്

## കോവിഡ്-19 സുരക്ഷാ പരിശോധന

# ക്വാറന്റൈൻ ലംഘനം - 4 പേർക്കെതിരെ കേസ്

# വിലക്ക് ലംഘനം: 593 പേർക്കെതിരെ നിയമനടപടി

# പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച പ്രതി പിടിയിൽ

# യുവാവിന്റെ കൈ അടിച്ച് ഒടിച്ച കേസിൽ രണ്ടു പേർ പിടിയിൽ

# ഓൺലൈൻ പണം തട്ടിപ്പ് : പൊതുജനങ്ങൾ ജാഗ്രത പാലിക്കണം

തിരുവനന്തപുരം:- നഗരത്തിൽ കോവിഡ് രോഗബാധിതരായി ക്വാറന്റൈനിൽ കഴിഞ്ഞ് വരവേ ക്വാറന്റൈൻ ലംഘിച്ച പുറത്തിറങ്ങിയ നാലുപേർക്കെതിരെ ഇന്നലെ (24-07-2021) കേസെടുത്തതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ഫോർട്ട് പോലീസ് സ്റ്റേഷനിൽ പരിധിയിൽ കല്ലുമൂട് സ്വദേശിയായ 54 കാരനെതിരെയും മണക്കാട് സ്വദേശി 24 കാരനെതിരെയും കരമന സ്റ്റേഷൻ പരിധിയിൽ നീറമൺകര സ്വദേശിയായ 48 വയസുകാരനെതിരെയും അമ്പലത്തറ സ്വദേശിയായ 46 കാരനെതിരെ പൂന്തുറ പോലീസ് സ്റ്റേഷനിലുമാണ് കേസെടുത്തത്.

കോവിഡ് പോസിറ്റീവായി കഴിയുന്നവരെ ദിവസേന പോലീസ് പരിശോധിക്കുന്നതിന്റെ ഭാഗമായി നടത്തിയ അന്വേഷണത്തിൽ ഇവർ രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ ക്വാറന്റൈൻ ലംഘനം നടത്തി പുറത്തിറങ്ങിയതായി കണ്ടെത്തുകയായിരുന്നു. ഇവർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ് ആക്റ്റ് പ്രകാരവും കേരള പബ്ലിക് ഹെൽത്ത് ആക്റ്റ് പ്രകാരവുമാണ് കേസെടുത്തത്. രോഗവ്യാപന നിരക്ക് കുറയാത്ത സാഹചര്യത്തിൽ ക്വാറന്റൈൻ ചെക്കിങ് പോലീസ് കർശനമാക്കിയതായി സിറ്റി പോലീസ് കമ്മിഷണർ അറിയിച്ചു.

## വിലക്ക് ലംഘനം: 593 പേർക്കെതിരെ നിയമനടപടി

## 297 വാഹനങ്ങൾക്കെതിരെ കേസെടുത്തു

തിരുവനന്തപുരം:- കോവിഡ്-19 സുരക്ഷാ പരിശോധനയുടെ ഭാഗമായി ഇന്നലെ (24-07-2021) നാലു മണി വരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 593 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 107 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 177 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 9 പേരിൽ നിന്നുമായി 93,000/- രൂപ പിഴ ഈടാക്കി. കൂടാതെ 254 ഇരുചക്രവാഹനങ്ങളും 10 ഓട്ടോറിക്ഷയും 33 കാറും ഉൾപ്പെടെ അനാവശ്യയാത്ര നടത്തിയ 297 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ

മുൻകരുതൽ എടുക്കാത്ത 1619 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച പ്രതി പിടിയിൽ

തിരുവനന്തപുരം:- പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ച പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. തമലം അംബേദ്കർ കോളനി സ്വദേശിയും മുൻ ഗവ.പ്രസ് ജീവനക്കാരനുമായ ശിവൻകുട്ടി (66) യെയാണ് തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്തത്.

വെള്ളിയാഴ്ച്ച രാത്രി 8.30 നാണ് പെൺകുട്ടിയ്ക്ക് നേരെ അതിക്രമം നടന്നത്. പ്രതി തന്റെ മൂന്നാം ഭാര്യയായ പാച്ചല്ലൂർ സ്വദേശിനിയുടെ ചെറുമകളെ ലൈംഗികമായി പീഡിപ്പിക്കുകയായിരുന്നു. സംഭവത്തിനു ശേഷം ഒളിവിൽ പോയ പ്രതിയെ മലയിൻകീഴിലെ ഒളിസങ്കേതത്തിൽ നിന്നാണ് പോലീസ് പിടികൂടിയത്. ഇയാൾക്കെതിരെ പൂന്തുറ പോലീസ് സ്റ്റേഷനിലും പോക്സോ കേസ് നിലവിലുണ്ട്. തിരുവല്ലം എസ്.എച്ച്.ഒ സുരേഷ്.വി.നായർ, എസ്.ഐ മാരായ വൈശാഖ്, മനോഹരൻ, സി.പി.ഒ മാരായ രാജീവ് , ശ്രീജിത്, സന്ദീപ്, വേണുഗോപാലൻനായർ, എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.



തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്ത ശിവൻകുട്ടി (66)

# യുവാവിന്റെ  കൈ അടിച്ച് ഒടിച്ച കേസിൽ രണ്ടു  പേർ പിടിയിൽ

തിരുവനന്തപുരം:- തിരുവല്ലം വണ്ടിത്തടത്ത് യുവാവിന്റെ  കൈ അടിച്ച് ഒടിച്ച മൂന്നംഗ സംഘത്തിലെ 2 പേരെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കോളിയൂർ സ്വദേശി ജയകുമാർ (48), മുട്ടയക്കാട് സ്വദേശി അനിൽ ( 39) എന്നിവരെയാണ് തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ ഫെബ്രുവരി 24 ന് രാത്രി 8.30 മണിക്കാണ് സംഭവം നടന്നത്. മുട്ടയ്ക്കാട് സ്വദേശി അരുണിനെ പ്രതികൾ ക്രൂരമായി മർദ്ദിക്കുകയും പട്ടിക കഷ്ണം കൊണ്ട് ഇടതു കൈ അടിച്ച് ഒടിക്കുകയുമായിരുന്നു. അരുണിന്റെ വീടിനു മുൻപിൽ ഇരുന്ന് പ്രതികൾ മദ്യപിക്കുന്നത് വിലക്കിയതിലുള്ള വിരോധമാണ് ആക്രമണത്തിനു കാരണം. സംഭവത്തിനു ശേഷം ഒളിവിൽ പോയ പ്രതികളെ തിരുവല്ലം എസ്.എച്ച്.ഒ സുരേഷ് വി. നായർ, എസ്.ഐ ബിപിൻ പ്രകാശ്, എ.എസ്.ഐ രതീന്ദ്രൻ, സി.പി.ഒ മാരായ രാജീവ്, മനോജ് കുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്.


തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്ത ജയകുമാർ (48), അനിൽ (39)

ഈ കേസിലെ ഒളിവിൽ കഴിയുന്ന പ്രതിയെ പിടികൂടാൻ അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

# ഓൺലൈൻ പണം തട്ടിപ്പ് :
# പൊതുജനങ്ങൾ ജാഗ്രത പാലിക്കണം

തിരുവനന്തപുരം: സമീപകാലത്ത് ഓൺ ലൈൻ പണം തട്ടിപ്പുകളുമായി ബന്ധപ്പെട്ട പരാതികൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ പണമിടപാടുകളിൽ അതീവ ജാഗ്രത പാലിക്കണമെന്ന് ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

പണം നഷ്ടപ്പെട്ട 95 ശതമാനം പരാതികളും ഉപഭോക്താക്കളുടെ അശ്രദ്ധ കാരണമാണ് സംഭവിച്ചിരിക്കുന്നത്. ഇന്റർനെറ്റ് വഴിയുള്ള വാണിജ്യം വർദ്ധിച്ചു വരുന്നതോടൊപ്പം ഓൺലൈൻ പണമിടപാട് വഴിയുള്ള പരാതികളും വർദ്ധിക്കുന്നു. ഒരു ഓൺലൈൻ സംവിധാനം നമ്മൾ ഉപയോഗിക്കുമ്പോൾ തന്നെ അതു മുഖേനയുള്ള തട്ടിപ്പുകളുടെ രീതികളും നാം മനസ്സിലാക്കുന്നതു വഴി മാത്രമേ ഇത്തരം തട്ടിപ്പുകാരെ നമുക്ക് ഒഴിവാക്കാൻ സാധിക്കുകയുള്ളൂ.

പലതരം തന്ത്രങ്ങൾ ഉപയോഗിച്ചാണ് ഇത്തരം തട്ടിപ്പുകാർ ഉപഭോക്താക്കളെ സമീപിക്കുന്നത്. നിങ്ങളുടെ സിം കാർഡ് ബ്ലോക്കായി, ബാങ്കുകളുടെ അപ്ലിക്കേഷനുകൾ (എസ്.ബി.ഐ–യോനോ) ബ്ലോക്കായി, എ.ടി.എം കാർഡിന്റെ സർവ്വീസ് ബ്ലോക്കായി, ആധാർ കാർഡ് ലിങ്ക് ചെയ്യണം, ക്രഡിറ്റ് കാർഡ് പോയിന്റ് റെഡീം ചെയ്യണം തുടങ്ങി നാം നിത്യേന ചെയ്യുന്ന പല ഇടപാടുകളും സോഷ്യൽ എൻജിനീയറിംഗ് മുഖാന്തിരം മനസ്സിലാക്കി കാർഡ് ഉടമ ആവശ്യപ്പെടാതെ തന്നെ അവരെ സഹായിക്കാൻ വരുന്നവരെന്ന വ്യാജേനെയാണ് ഇവർ പണം തട്ടിക്കുന്നത്. രൂപത്തിലും കാഴ്ചയിലും ഒറിജിനലിനെ വെല്ലുന്ന

സൈറ്റുകൾ ഉണ്ടാക്കി വിശ്വാസ്യത കൈവരിച്ചാണ് തട്ടിപ്പു സംഘങ്ങൾ ചതിയിലാഴ്ത്തുന്നത്. നമുക്ക് വരുന്ന ഫോൺ എസ്. എം.എസ്-കളിൽ 10 അക്ക ഫോൺ നമ്പരുകളിൽ നിന്നുള്ള സർവ്വീസ് മെസേജുകൾ ശ്രദ്ധിക്കുക. ഇത് ഫ്രാഡ് ആക്റ്റിവിറ്റി ഉദ്ദേശിച്ചുള്ള മെസേജുകളായിരുക്കും. ഇത്തരം മെസേജുകളോട് പ്രതികരിക്കാതിരിക്കുക.

ഓ. എൽ. എക്സ് മുഖാന്തിരം പട്ടാളക്കാരുടെ വേഷത്തിലും അവരുടെ ഐഡി-കാർഡിനു സമാനമായ തിരിച്ചറിയൽ രേഖകൾ കാട്ടി ആരെങ്കിലും വിൽക്കാനിട്ടിരിക്കുന്ന വീട്ടുസാധനങ്ങൾ, ബുള്ളറ്റ്, ആക്ടിവ സ്കൂട്ടർ തുടങ്ങിയ ഒട്ടനവധി വസ്തുക്കൾ വളരെ കുറഞ്ഞവിലയിൽ വീട്ടിലെത്തിച്ചു തരാമെന്ന വാഗ്ദാനം നൽകി മുൻകൂർ പണം വാങ്ങി പറ്റിക്കപ്പെട്ട സംഭവങ്ങൾ ചിലപ്പോൾ നിങ്ങളുടെ വീട്ടിലോ അറിവിലോ ഉണ്ടാകാം. ഫേസ്ബുക്ക് പോലുള്ള സാമൂഹിക മാധ്യമങ്ങൾ വഴിപോലും ഇത്തരക്കാർ ഇരകളെ വീഴ്ത്താറുണ്ട്. ധാരാളം മുന്നറിയിപ്പുകൾ നൽകിയിട്ടും ഇത്തരത്തിലും ചതികളിൽ ആളുകൾ വീഴുന്ന പരാതികൾ ലഭിക്കുന്നു. നേരിട്ട് കണ്ട് വിലയുറപ്പിക്കാത്ത പക്ഷം പണം നൽകുകയില്ല എന്ന് നാം വിചാരിച്ചാൽ തന്നെ ഇത്തരം തട്ടിപ്പുകൾ ഇല്ലാതാകും.

സാമൂഹിക മാധ്യമങ്ങൾ വഴി പരിചയപ്പെട്ട അപരിചിതനായ വ്യക്തി നൽകുന്ന ഗിഫ്റ്റ് കൈപ്പറ്റുന്നതിനായി അനവധി ലക്ഷങ്ങൾ വരെ നഷ്ടപ്പെടുത്തിയ ആളുകൾ നമ്മുടെ ഇടയിലുണ്ട്. സ്വന്തം നാട്ടിലുള്ളതെല്ലാം വിറ്റുപെറുക്കി പണം അടങ്ങിയ പെട്ടികളുമായി സാമൂഹിക മാധ്യമത്തിലൂടെ മാത്രം കണ്ടറിഞ്ഞ വ്യക്തിക്കായി എയർപ്പോർട്ടിലും, കസ്റ്റംസിനും എന്ന് പറഞ്ഞ പണം ഏതെങ്കിലും അക്കൌണ്ടുകളിൽ അയച്ച് സുഹൃത്തുക്കളെ കാത്തിരുന്നവരെയും നമ്മുടെ കൂട്ടത്തിൽ കാണാനാകും. നാട്ടിൽ

വരുന്ന കാര്യം ആരോടും പറയരുതെന്ന് സുഹൃത്ത് പ്രത്യേകം പറഞ്ഞതിനാലാണ് തട്ടിപ്പാണെന്ന് അറിയുന്നതുവരെ ഇത്തരം ആളുകൾ പുറത്ത് പറയാത്തത്.

വാട്സ് ആപ്പിലും, ഫേസ്ബുക്ക് മെസ്സഞ്ചറിലും അപരിചിതരായ സ്ത്രീകൾ പുരുഷൻമാരുമായി ചാറ്റിംഗും തുടർന്ന് വീഡിയോകോളും ഉണ്ടാകുന്നു. സെക്കന്റുകൾ മാത്രം നഗ്നമേനി പ്രദർശിപ്പിക്കപ്പെടുന്ന ഇത്തരം കാളുകൾ അവസാനിക്കുന്നതോടെ പണം ആവശ്യപ്പെട്ടുകൊണ്ടുള്ള മെസേജുകളും കിട്ടുന്നു. പണം നൽകാത്ത പക്ഷം മോർഫ് ചെയ്ത വീഡിയോ, ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും നൽകുമെന്നും യൂ–ട്യൂബിലും, ഫേസ്ബുക്കിലും നൽകാതിരിക്കാൻ പണം ആവശ്യപ്പെടുകയും ചെയ്യുന്നു. അപരിചിതരുമായുള്ള ചാറ്റിംഗും വീഡിയോ കോളുകളും ഒഴിവാക്കുകയും പരിചിതരായവരെ മാത്രം സുഹൃത്തുക്കളായി അഡ്മിറ്റ് ചെയ്യുന്നതിലൂടെയും മാത്രമേ ഇത്തരം തട്ടിപ്പുകളെ തടയാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ ഏതെങ്കിലും തട്ടിപ്പിനിരയായാൽ ഉടൻ തന്നെ അവരവരുടെ ജില്ലയിലെ സൈബർ ക്രൈം പോലീസ് സ്റ്റേഷനുമായോ, സൈബർ സെല്ലുകളുമായോ അടിയന്തിരമായി ബന്ധപെട്ടു അവരുടെ സഹായവും മാർഗനിർദേശവും അനുസരിച്ചു പ്രവർത്തിക്കേണ്ടതാണ്.

ബാങ്കിംഗ്/മറ്റു സാങ്കേതിക സഹായങ്ങൾ തുടങ്ങിയവയ്ക്കായി ഗൂഗിൾ വഴി കസ്റ്റമർ കെയർ സഹായങ്ങൾ തേടുന്നവർക്ക് ലഭിക്കുന്ന നമ്പറുകൾ തട്ടിപ്പുകാർ ഉപയോഗിക്കുന്നവയാകുമ്പോൾ അവർ നൽകുന്ന ലിങ്കുകൾ വഴി നമ്മുടെ മൊബൈലുകളും മറ്റ് അനുബന്ധ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാനുള്ള റിമോട്ട് സോഫ്റ്റ്വെയറുകൾ നമ്മുടെ ഉപകരണത്തിൽ ഇൻസ്റ്റാൾ ചെയ്യുന്നു. തുടർന്ന് നമ്മുടെ

പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്ന തട്ടിപ്പുകാർ യഥേഷ്ടം നമ്മുടെ അക്കൗണ്ട് കാലിയാക്കുന്നു.

പണം നഷ്ടപ്പെടുന്ന 99% പരാതികളും ഉണ്ടാകുന്നതിനുള്ള കാരണം ബാങ്ക് നൽകുന്ന ഓ.ടി.പിയും മറ്റു സുരക്ഷാ നമ്പരുകളും നൽകുന്നതിലൂടെയോ യു പി ഐ വാലറ്റുകളിലൂടെ പണം ലഭിക്കുമെന്ന ധാരണയോടെ പിൻ നൽകുന്നതിലൂടെയൊക്കെയാണ്. പണം ലഭിക്കുന്നതിനായി ഒരു ആപ്ലിക്കേഷനിലും പിൻ നൽകേണ്ട ആവശ്യമില്ല. ഫേക്ക് ഫേസ്ബുക്ക്, വാട്സ്ആപ്പുകൾ വഴി നിങ്ങളുടെ പരിചയക്കാർ അത്യാവശ്യമായി പണം നൽകാൻ ആവശ്യപ്പെട്ടാൽ അവരോട് ഫോണിൽ സംസാരിച്ചിട്ട് മാത്രമേ നിങ്ങൾ പണം നൽകാവൂ. അല്ലാതെ പണം കൈമാറുന്നവർ ശ്രദ്ധിക്കുക, നിങ്ങളോട് സുഹൃത്തിനെ പോലെ ചാറ്റ് ചെയ്യുന്നയാൾ ഒരു ഓൺലൈൻ തട്ടിപ്പുകാരനാണ്.

ബാങ്ക് അവധി ദിവസങ്ങളാണ് പ്രധാനമായും തട്ടിപ്പിനായി ഇത്തരക്കാർ ഉപയോഗിക്കുന്നത്. ഏതെങ്കിലും തട്ടിപ്പുകൾ ശ്രദ്ധയിൽപെട്ടാൽ ഇടപാടുകൾ റദ്ദാക്കാനോ, കാർഡ്, അക്കൗണ്ട് തുടങ്ങിയവ മരവിപ്പിക്കുവാനോ സാധിക്കാത്തതാണ്. ഇത്തരം ദിവസങ്ങൾ തട്ടിപ്പുകൾ കൂടാൻ കാരണം. ആയതിനാൽ അവധി ദിവസങ്ങളിൽ പണമിടപാട് നടത്തുമ്പോൾ കൂടുതൽ ശ്രദ്ധിക്കുക.

നിങ്ങളുടെ ഫേസ്ബുക്ക്, ജി–മെയിൽ അക്കൗണ്ട് ഉപയോഗിച്ച് കുട്ടികൾ ഓൺലൈൻ ഗെയിം കളിക്കാറുണ്ടെങ്കിൽ ശ്രദ്ധിക്കുക. ചില നിരോധിത ഗെയിമുകൾ ഉപയോഗിക്കുന്ന കുട്ടികളാൽ നിങ്ങളുടെ പണം മാത്രമല്ല സോഷ്യൽ അക്കൗണ്ടുകളും നഷ്ടപ്പെട്ടേക്കാം. വലിയ മാനസ്സികവിഷമതകളിലേയ്ക്ക് ഓൺലൈൻ ഗെയിം അഡിക്ഷൻ നിങ്ങളുടെ കുട്ടികളെ എത്തിക്കാതിരിക്കുവാൻ

ജാഗ്രത പാലിക്കുക. ഓൺലൈൻ ക്ലാസ്സുകളിൽ കുട്ടികൾ നന്നായി ശ്രദ്ധിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

ഇത്തരത്തിൽ ഏതെങ്കിലും തട്ടിപ്പിനിരയായാൽ ഉടൻ തന്നെ അവരവരുടെ ജില്ലയിലെ സൈബർ ക്രൈം പോലീസ് സ്റ്റേഷനുമായോ, സൈബർ സെല്ലുകളുമായോ അടിയന്തിരമായി ബന്ധപെട്ടു അവരുടെ സഹായവും മാർഗനിർദേശവും അനുസരിച്ചു പ്രവർത്തിക്കണമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

തിരുവനന്തപുരം സിറ്റി
24-07-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി